# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2919 18.06.2019 ൽ മറുപടിക്ക്**

**മരട് ഐ.ടി.ഐ. കെട്ടിടത്തിന്റെ ഡിസൈൻ**

| **ചോദ്യം**<br>**ശ്രീ.എം. സ്വരാജ്** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് ഐ.ടി.ഐ. യുടെ പുതിയ കെട്ടിടത്തിന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ; | (എ) മരട് ഐ.ടി.ഐ യുടെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ മണ്ണ് പരിശോധനാ റിപ്പോർട്ടും ആർക്കിടെക്ചറൽ ഡ്രോയിംഗും ലഭ്യമാകുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ടെൻറ്റേറ്റീവ് ഡ്രോയിംഗുകൾ ചീഫ് എഞ്ചിനീയർ കെട്ടിട വിഭാഗത്തിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഡിസൈൻ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ ഈ കെട്ടിടത്തിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് മൂന്ന് തവണ മാറ്റേണ്ടി വരുകയും പുതിയതായി 06/05/2019 ൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയത് മരട് ഐ.ടി.ഐ പ്രിൻസിപ്പാളുടെ ആവശ്യാനുസരണവുമാണ്.<br>ആർക്കിടെക്ചറൽ ഡ്രോയിംഗിൽ റിവിഷൻ വന്നതിനാൽ, പ്രസ്തുത കെട്ടിടത്തിന്റെ ഡിസൈൻ പുതിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് അനുസരിച്ച് തയ്യാറാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ടെൻന്റേറ്റീവ് ഡ്രോയിംഗുകൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്. |
| (ബി) എന്നത്തേക്ക് ഈ നിർമ്മാണം ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആർക്കിടെക്ചറൽ ഡ്രോയിംഗും, സ്ട്രക്ചറൽ ഡ്രോയിംഗും ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്നിക്കൽ സാങ്ഷനും നൽകി 2019 നവംബർ മാസത്തോടു കൂടി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**